RCS /11301/2024-G(6)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്

തിരുവനന്തപുരം ,തീയതി 09.03.2026

**സർക്കുലർ നം 12 /26**

വിഷയം : സഹകരണ വകുപ്പ് - കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025- സംഘങ്ങൾക്കുള്ള ധനസഹായ വിതരണം-മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം :- 1. സർക്കാരിന്റെ 06.05.2023 ലെ G.O(P)No.112/2023/സഹ നമ്പർ ഉത്തരവ്

2. സർക്കാരിന്റെ 15.04.2025 ലെ G.O(P)No.49/2025/സഹ നമ്പർ ഉത്തരവ്

3. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.01.2026 തീയതി ചേർന്ന ഓൺലൈൻ മീറ്റിംഗിലെ തീരുമാനം.

4. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.01.2026 തീയതി ചേർന്ന ഓൺലൈൻ മീറ്റിംഗിലെ തീരുമാനം.

5. സഹകരണ സംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ 11.02.2026 തീയതി ചേർന്ന ഓൺലൈൻ മീറ്റിംഗിലെ തീരുമാനം

6. സർക്കാരിന്റെ 05.02.2026 തീയതിയിലെ സ.ഉ(സാധാ) 47/2026/സഹ നമ്പർ ഉത്തരവ്.

7. സഹകരണ സംഘം രജിസ്ട്രാറുടെ 13.2.2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

കേരള സഹകരണ സംഘം നിയമം വകുപ്പ് 57 E പ്രകാരം സർക്കാരിന്റെ 29.08.2024ലെ G.O(P) No. 168/2024/coop നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. സൂചന (2) പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ ഖണ്ഡിക 5(2) പ്രകാരം സംഘങ്ങൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന കരുതൽ ധനത്തിന്റെയും അഗ്രികൾച്ചർ സ്റ്റെബിലൈസേഷൻ ഫണ്ടിന്റെയും 50% ൽ അധികരിക്കാത്ത തുകയാണ് പുനരുദ്ധാരണ നിധി .

സർക്കാരിന്റെ 06.05.2023 ലെ G.O(P) No.112/2023/സഹ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം ചട്ടം 60(2) പ്രകാരം സർക്കാരിന്റെയോ ,സഹകരണ സംഘം രജിസ്ട്രാറുടെയോ അനുമതിയോട് കൂടി റിസർവ്വ് ഫണ്ടിൽ നിന്നുള്ള 50% ൽ അധികരിക്കാത്ത തുക സംഘത്തിന്റെ ബിസിനസ്സ് ആവശ്യത്തിലേക്കോ , കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീമിലേക്ക് വായ്പയായി വിനിയോഗിക്കുന്നതിനോ വ്യവസ്ഥ ചെയ്യുന്നു .

കേരള സഹകരണ പുനരുദ്ധാരണ ഫണ്ടിലേക്ക് തുക വകമാറ്റുന്നത് / പുനരുദ്ധാരണ ഫണ്ടിൽ നിന്നും സംഘങ്ങൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് പാലിക്കേണ്ട നിർദേശങ്ങൾ ചുവടെ പറയും പ്രകാരം ആയിരിക്കും

## I. സഹകരണ പുനരുദ്ധാരണ ഫണ്ടിലേക്ക് നൽകുന്ന വായ്പ തുകയെ സംബന്ധിച്ചുള്ള നിർദേശങ്ങൾ ചുവടെ പറയും പ്രകാരമായിരിക്കും .

1. പുനരുദ്ധാരണ ഫണ്ടിലേക്ക് വായ്പ നൽകുന്ന സംഘങ്ങൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് കാലാകാലങ്ങളിൽ കരുതൽ ധനത്തിന് നൽകുന്ന പലിശയേക്കാൾ 0.5 % അധിക പലിശ സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം ഉറപ്പ് വരുത്തുന്നു .
2. ടി സംഘങ്ങളുടെ വാർഷിക ആഡിറ്റ് നടക്കുമ്പോൾ നിലവിലുള്ള കരുതൽധനത്തിന്റെ ആകെ തുക ചുവടെ പറയും പ്രകാരം രണ്ടായി വേർതിരിച്ച രേഖപ്പെടുത്തേണ്ടതാണ് .

   | | |
   |---|---|
   | കരുതൽധന നിക്ഷേപം | ........രൂപ |
   | കേരള സംസ്ഥാന സഹകരണ പുനരുദ്ധാരണ ഫണ്ട് വായ്പ | ........രൂപ |
   | ആകെ | ..........രൂപ |

3. എല്ലാ സാമ്പത്തിക വർഷവും (ആദ്യ രണ്ടു വർഷം ഉൾപ്പടെ ) മാർച്ച് മാസം 10 തീയതി പലിശ കണക്കാക്കി സംഘങ്ങൾക്ക് അറിയിപ്പ് നൽകുന്നതായിരിക്കും .സ്കീം പ്രകാരമുള്ള ഫണ്ടിന്റെ ആഡിറ്റ് പൂർത്തീകരിച്ച രണ്ടു മാസത്തിനുള്ളിൽ സംഘങ്ങൾക്ക് പലിശ അനുവദിച്ച ഉത്തരവാകുന്നതായിരിക്കും

## II. സഹകരണ പുനരുദ്ധാരണ ഫണ്ടിൽ നിന്നും വായ്പ എടുക്കുന്ന തുകയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ പറയും പ്രകാരമായിരിക്കും .

1. സഹകരണ പുനരുദ്ധാരണ ഫണ്ടിൽ നിന്നും വായ്പ സ്വീകരിക്കുന്ന സംഘങ്ങൾ വായ്പ തുക കൈപ്പറ്റുന്നതിന് മുൻപായി സഹകരണ സംഘം രജിസ്ട്രാറും ബന്ധപ്പെട്ട സഹകരണ സംഘവും തമ്മിൽ വായ്പ കരാർ ഒപ്പിടേണ്ടതാണ് . ഈ കരാർ അഞ്ഞൂറ് രൂപ മുദ്ര പത്രത്തിൽ തയ്യാറാക്കി സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീമിലെ ഖണ്ഡിക 10(4) വ്യവസ്ഥ പ്രകാരം സഹകണ സംഘം രജിസ്ട്രാർക്ക് വേണ്ടി അതാതു ജില്ല പ്ലാനിംഗ് അസിസ്റ്റന്റ് രജിസ്ട്രാറും സംഘത്തിന്റെ ഭാഗത്ത് നിന്ന് പ്രസിഡന്റ് ,സെക്രട്ടറി ,മറ്റ് ഭരണസമിതി അംഗങ്ങൾ എന്നിവർ ഒപ്പിടേണ്ടതാണ് .
2. ജില്ല മോണിട്ടറിംഗ് കമ്മിറ്റി വായ്പ സ്വീകരിക്കുന്ന സംഘങ്ങളുടെ മോണിട്ടറിംഗ് നടത്തി ആയതിന്റെ റിപ്പോർട്ട് എല്ലാ മാസവും സഹകരണ സംഘം രജിസ്ട്രാർ നടത്തുന്ന ജില്ല ജോയിന്റ് രജിസ്ട്രാർ ജനറൽമാരുടെ പ്രവർത്തി അവലോകന യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്

3. വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്താൽ കേരള സഹകരണ നിയമത്തിലെ വകുപ്പ് 65,68(1),68(2) വ്യവസ്ഥകൾ പ്രകാരം ഭരണസമിതി അംഗങ്ങളിൽ നിന്ന് തുക ഈടാക്കുന്നതാണ് .

4. സഹകരണ പുനരുദ്ധാരണ ഫണ്ടിൽ നിന്നും വായ്പ സ്വീകരിക്കുന്ന സംഘങ്ങൾ ടി തുക അംഗീകരിച്ച പദ്ധതി റിപ്പോർട്ടിൽ പരാമർശിച്ച ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ജില്ല മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.വായ്പ ഉപയോഗവുമായി ബന്ധപ്പെട്ട വേർതിരിച്ച അക്കൌണ്ടുകൾ സംഘം സൂക്ഷിക്കേണ്ടതാണ് .

5. സഹകരണ പുനരുദ്ധാരണ ഫണ്ടിൽ നിന്നും വായ്പ സ്വീകരിക്കുന്ന സംഘങ്ങൾ അവർ എടുക്കുന്ന വായ്പയിൽ ബാക്കി നിൽക്കുന്ന മുതൽ തുകക്ക് കേരള സഹകരണ പുനരുദ്ധാരണ സ്കീമിലെ വ്യവസ്ഥ പ്രകാരം , സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള പലിശ അതാത് മാസം 10ാം തീയതിക്ക് മുൻപായി സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ് .

ഡോ.സജിത്ബാബു ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. അഡിഷണൽ രജിസ്ട്രാർ/സെക്രട്ടറി ,സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
2. സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ് ) മാർക്കും
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കേരള സംസ്ഥാന സഹകരണ ബാങ്ക് ,തിരുവനന്തപുരം
6. ജനറൽ മാനേജർ,കേരള സംസ്ഥാന സഹകരണ ബാങ്ക്,
7. സഹകരണ വീഥി
8. സ്റ്റോക്ക് ഫയൽ /സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ് )